വ്യവസായവും മുനിസിപ്പാലിറ്റീസും വകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി): സർ, കഴിഞ്ഞ നിയമസഭാ സമ്മേളനകാലത്ത് ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് ഉന്നയിച്ച ഈ പ്രശ്നം, അദ്ദേഹം ഉന്നയിച്ച അന്നുതന്നെ അതിനെക്കുറിച്ച് അന്വേഷിച്ച് നടപടി സ്വീകരിക്കാമെന്ന് പറഞ്ഞിരുന്നു, അതേ വിഷയം തന്നെയാണ് ബഹുമാനപ്പെട്ട മെമ്പർ ഇപ്പോഴും ഇവിടെ പറഞ്ഞത്. എന്നാൽ ഞാൻ അന്നുപറഞ്ഞിരുന്ന എല്ലാ നടപടിയും അക്കാര്യത്തിൽ എടുത്തു. അന്നത്തെ സംവിധാനംതന്നെ മാറ്റി. ഈ പ്ലാൻറിനെക്കുറിച്ച് പറയുന്ന ആ കമ്പനിയെൻറിൽ പ്രധാനമായും പറയുന്നത് അവിടത്തെ സെയിൽസ് ടാക്സ് വെട്ടിപ്പിനെക്കുറിച്ചാണ്. ഇൻസെൻറീവ് എന്നുള്ള നിലയ്ക്ക് മറ്റു സംസ്ഥാനങ്ങളിലേക്ക് വെള്ള സിമൻറ് വിൽക്കുമ്പോൾ അതിന് വില കുറച്ച് കൊടുക്കും. അത് ഇവിടെത്തന്നെ വിറ്റ് സെയിൽസ് ടാക്സ് വെട്ടിപ്പ് നടത്തുന്നു എന്നുള്ളതാണ് പരാതി. അന്നത്തെ ആ നടപടിക്കുശേഷം ഒരൊറ്റ കമ്പനിയെൻറും ഇതുപോലെ ഉണ്ടായിട്ടില്ല. അന്നുണ്ടായിരുന്ന സെയിൽസ് സംവിധാനം അപ്പാടെ മാറ്റി. അത് ഒരു ഉദ്യോഗസ്ഥൻെറ കീഴിൽ ഉണ്ടായിരുന്നത് മാറ്റി. അവിടെ ഒരു ബോർഡുണ്ട്. സെയിൽസിൻെറ ഉത്തരവാദിത്വം ഒരു സബ് കമ്മിറ്റിയുടെ കീഴിലായി. അതിനുശേഷം പിന്നെ ഒരൊറ്റ പരാതിയും ഉണ്ടായിട്ടില്ല. പിന്നെ തൊഴിലാളികൾ പറഞ്ഞ അവരുടെ പരാതികളുണ്ട്. തൊഴിലാളികൾ പറഞ്ഞ പ്രശ്നങ്ങളെക്കുറിച്ച് പഠിക്കാനായിട്ടും അവയെക്കുറിച്ച് അന്വേഷിക്കാനുമായിട്ട് ഒരു സംവിധാനമുണ്ടാക്കിയിരുന്നു. അന്വേഷണ റിപ്പോർട്ടിനെ സംബന്ധിക്കുന്ന വിവരങ്ങൾ ഞാൻ ബഹുമാനപ്പെട്ട മെമ്പറെ അറിയിക്കാം. അത് ഇന്നലെ കിട്ടിയതേയുള്ളൂ. അതുകൊണ്ട് വിശദമായി അതിൽ എന്തായിരുന്നു എന്നു പറയാൻ എൻെറ പക്കൽ രേഖയില്ല. അതുകൊണ്ട് ഞാൻ അക്കാര്യം മെമ്പറെ അറിയിക്കാം. പിന്നെ ഇൻസെൻറീവിനെക്കുറിച്ച് തൊഴിലാളികൾക്ക് പരാതിയുണ്ടെന്നും പറഞ്ഞു, പക്ഷേ ആ പറയുന്നതിൽ കഴമ്പുണ്ടെന്നു പറയാനാവില്ല. കാരണം കമ്പനി അതിൻെറ പ്രോഫിറ്റിൽ ഒരു സർവ്വകാല റിക്കാർഡിലാണ് ഇപ്പോൾ എത്തിനിൽക്കുന്നത്. അങ്ങനെ കമ്പനിയുടെ ചരിത്രത്തിലെ ഏറ്റവും വലിയ ലാഭത്തിൽ നിൽക്കുന്ന സമയത്ത് തൊഴിലാളികൾക്ക് ഇൻസെൻറീവ് നഷ്ടപ്പെടുന്നു എന്നു പറയുന്നതിൽ അർത്ഥമുണ്ടെന്നു തോന്നുന്നില്ല. അവരുടെ ഇൻസെൻറീവ് അവിടെ സെയിൽസ് ടാക്സ് വെട്ടിപ്പ് നടത്തിയതിൻെറ പേരിൽ നഷ്ടപ്പെടുമെന്ന് എനിക്ക് തോന്നുന്നില്ല. എന്നാൽ അവരുടെ ഇൻസെൻറീവ് നഷ്ടപ്പെട്ടുവെന്ന് അവർക്ക് പരാതിയുണ്ടെങ്കിൽ അതിനു വേണ്ട നടപടിയെടുക്കാൻ ഞാൻ തയ്യാറാണ്. അത് അവരുമായി ചർച്ച ചെയ്ത് എന്താണെന്നുവച്ചാൽ തീരുമാനിക്കാം. അന്നത്തേത് പഴയ പരാതിയാണ്. അതിൽ നടപടിയെല്ലാം എടുത്തു കഴിഞ്ഞു. ഇനി എന്താണ് അവർക്ക് വേണ്ടതെന്നുള്ളതിനെ സംബന്ധിച്ച് അവരുമായി സംസാരിച്ചതിനുശേഷം ആവശ്യമായ നടപടികളും കർശനമായും എടുക്കാൻ ഗവൺമെൻറ് തയ്യാറാണ്.

(15) കൈത്തറി വ്യവസായരംഗത്തെ പ്രശ്നങ്ങൾ

ശ്രീ. പിണറായി വിജയൻ: സർ, കൈത്തറിത്തൊഴിലാളികൾ ഇന്ന് സംസ്ഥാന വ്യാപകമായി ഒരു പ്രക്ഷോഭണം നടത്തുകയാണ്. കൈത്തറി തൊഴിലാളികളെക്കുറിച്ച് പറയുമ്പോൾ രണ്ടു വിഭാഗമായിട്ടാണ് അവരുടെ പ്രശ്നങ്ങൾ വരുന്നത്. ഒന്ന് മിനിമം വേജസ് കൈത്തറി വ്യവസായത്തിൽ

LIBRARY ARCHIVES Kerala Legislative Assembly

നിലനിൽക്കുന്നുണ്ട്. ഇത് പുതുക്കി നിശ്ചയിച്ചുകൊണ്ട് കേന്ദ്ര ഗവൺമെൻറ് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. എന്നാൽ ഇവിടെ സംസ്ഥാനത്ത് ഇത് പുതുക്കി നിശ്ചയിക്കാൻ ഒരു കമ്മിറ്റിയെ ഗവൺമെൻറ് നിശ്ചയിച്ചു. ആ കമ്മിറ്റിയിലെ അംഗങ്ങൾ എല്ലാവരും കൂടി ഏകകണ്ഠേന തന്നെ ആ റിപ്പോർട്ട് കഴിഞ്ഞ വർഷം മാർച്ച് 15-ന് ഗവൺമെൻറിന് നൽകിയിട്ടുണ്ട്. ഇപ്പോൾ ഒരു വർഷമാകാൻ പോവുകയാണ് ആ കമ്മിറ്റി റിപ്പോർട്ട് സമർപ്പിച്ചിട്ട്. ആ റിപ്പോർട്ട് സമർപ്പിച്ചതിനുശേഷം അത് നടപ്പിൽ വരുത്താൻ യാതൊരു നടപടിയും ഇതേവരെ ഗവൺമെൻറ് സ്വീകരിച്ചിട്ടില്ല. അതുപോലെതന്നെ ക്ഷേമ പദ്ധതിയുടെ കാര്യം. വലിയൊരു വിഭാഗം തൊഴിലാളികളെ ഈ കൈത്തറി രംഗത്തുനിന്നും ആ ക്ഷേമ പദ്ധതിയുടെ പരിധിയിൽ നിന്നും ഒഴിവാക്കിയിരിക്കുകയാണ്. സ്വയംതൊഴിൽ ചെയ്യുന്നവർ എന്ന വിഭാഗത്തെ സ്കീമിൽ ഉൾപ്പെടുത്തുന്നതിന് 1989-ൽ തന്നെ വിട്ടു പോയിരുന്നു. ഈ വിഭാഗത്തിന് പെൻഷൻ നൽകുകയെന്നത് ന്യായമായ ഒരാവശ്യമാണ്. പക്ഷേ ഇതേവരെ അവരുടെ ആവശ്യം അംഗീകരിച്ചിട്ടില്ല. അതുപോലെതന്നെ വളരെ പ്രധാനപ്പെട്ട ഒരു വിഷയമാണ് ഈ കമ്പനി വ്യവസ്ഥയിൽ 58 വയസ്സിൽ സർവ്വീസിൽ നിന്നും പിരിയൽ എന്നത്. ഇപ്പോൾ കോമൺവെൽത്തിലൊക്കെ 58 വയസ്സിലാണ് പിരിയുന്നത്. അപ്പോൾ അവിടെ തൊഴിലാളികൾക്ക് പെൻഷനില്ല. നമ്മുടെ വ്യവസ്ഥയനുസരിച്ച് 60 വയസ്സിലാണ് പെൻഷനുള്ള അർഹത വരുന്നത്. അപ്പോൾ അവർക്ക് പെൻഷൻ ലഭിക്കുന്നില്ല. ഇന്ന് പെൻഷൻ ലഭിക്കുന്നവരുടെ കാര്യമാണെങ്കിൽ അവർക്ക് 14 മാസത്തെ പെൻഷൻ കുടിശ്ശികയിനത്തിൽ കൊടുക്കാനായിട്ടുണ്ട്. അതുപോലെതന്നെ ഈ രംഗത്ത് കേന്ദ്ര ഗവൺമെൻറ് ഏർപ്പെടുത്തിയിട്ടുള്ള ക്ഷേമ പദ്ധതികളുണ്ട്. അതിൽ പ്രൈവറ്റ് മേഖലയ്ക്ക് ആനുകൂല്യമില്ല. പക്ഷേ പ്രൈവറ്റ് മേഖലയിലാണ് കൈത്തറിമേഖലയിലെ ഭൂരിപക്ഷം തൊഴിലാളികളും ജോലി ചെയ്യുന്നത്. അതുപോലെതന്നെയുള്ള മറ്റൊരു പ്രശ്നമാണ് ഭവന നിർമ്മാണത്തിനുള്ള ധനസഹായം കേന്ദ്രം അനുവദിക്കുന്നത്. അത് നെയ്ത്ത് തൊഴിലാളികൾക്ക് മാത്രമാണ് ലഭിക്കുന്നത്. നെയ്ത്ത് മേഖലയിലുള്ള ഈ വ്യവസായത്തിൽ ജോലിചെയ്യുന്ന മറ്റ് തൊഴിലാളികളുണ്ടല്ലോ, അവർക്ക് ഈ ആനുകൂല്യം അനുവദിക്കുന്നില്ല. ഇപ്പോൾ നൂലിൻെറ വില വലിയ തോതിൽ വർദ്ധിച്ചിരിക്കുകയാണ്. പഞ്ഞിയും നൂലുമൊക്കെ കയറ്റുമതി ചെയ്യുന്നതിൻെറ ഫലമായിട്ടാണ് ഇത്തരം വില വർദ്ധനവ് വന്നിട്ടുള്ളത് എന്നാണെൻെറ അഭിപ്രായം. കൈത്തറി ഉൽപ്പാദനത്തിൽ ഉപയോഗിക്കുന്ന നൂലിന് സബ്സിഡി കൊടുക്കാൻ കേന്ദ്ര ഗവൺമെൻറ് തീരുമാനിച്ചു. പക്ഷേ ഇതിലൊന്നും ഒരു കുഴപ്പവുമില്ലാതില്ല. ഇതിലുള്ള കുഴപ്പമെന്താണെന്നുവച്ചാൽ 40 മുതൽ ഉയർന്ന നമ്പർ നൂൽത്തരങ്ങൾക്ക് സബ്സിഡി നിർത്തലാക്കിയിരിക്കുകയാണ്. അതും കൈത്തറിക്ക് ആവശ്യമുള്ളതാണ്. അതുപോലെതന്നെ റിബേറ്റിൻെറ കാര്യം. 20 ശതമാനം റിബേറ്റ് ഇപ്പോഴുണ്ട്. എന്നാൽ 30 കോടിയോളം രൂപ റിബേറ്റ് ഇനത്തിൽ ഗവൺമെൻറ് സംഘങ്ങൾക്ക് കൊടുക്കാനുണ്ടെന്നോണ് എനിക്ക് തോന്നുന്നത്. റിബേറ്റ് കിട്ടാത്തതിൻെറ ഫലമായിട്ട് സംഘങ്ങളുടെ പ്രവർത്തനം തന്നെ ഒരു സ്തംഭനാവസ്ഥയിലേക്ക് എത്തിയിരിക്കുകയാണ്. കൈത്തറി സംഘങ്ങളെ സഹായിക്കാൻ കൈത്തറി സംഘങ്ങളുടെ അപ്പെക്സ് സൊസൈറ്റി വാങ്ങിയ തുണിയുടെ വില 5 കോടിയിലധികം ഉറുപ്പിക കൊടുക്കാനുണ്ട്. കൈത്തറി വ്യവസായ സംരക്ഷണത്തിന് ചില പ്രത്യേക തുണിത്തരങ്ങളെ കൈത്തറിയായി സംവരണം ചെയ്തിട്ടുണ്ട്. അത്തരം തുണി വ്യാപകമായി

LIBRARY ARCHIVES Kerala Legislative Assembly

പവർലൂമിൽ ഉൽപ്പാദിപ്പിക്കുന്നതുകൊണ്ട് കൈത്തറി വ്യവസായത്തിന് വിഷമമുണ്ടാവുന്നുണ്ട്. അതുകൊണ്ട് ഇത്തരം കാര്യങ്ങളിലൊക്കെ ഗൗരവമായ ശ്രദ്ധയും ഇടപെടലും ആവശ്യമാണെന്ന് അഭ്യർത്ഥിച്ചു കൊണ്ട് നിർത്തുന്നു.

വ്യവസായവും മൃനിസിപ്പാലിറ്റിയും വകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി): സർ, കൈത്തറിത്തൊഴിലാളികളെ ബാധിക്കുന്ന ഒട്ടേറെ പ്രശ്നങ്ങളിലേയ്ക്കാണ് ബഹുമാനപ്പെട്ട മെമ്പർ ശ്രദ്ധക്ഷണിച്ചത്. അദ്ദേഹം പറഞ്ഞതുപോലെ 15-3-1995-ൽ റിപ്പോർട്ട് കിട്ടിയിട്ടുണ്ട്. അതു സംബന്ധിച്ച് കുറച്ച് കാലതാമസമുണ്ട്. കാരണം, ഈ ക്ഷേമനിധി ബോർഡൊക്കെയാണ് ഇതു സംബന്ധിച്ചുള്ള പണം തരുന്നത്. അതുകൊണ്ടൊക്കെയുള്ള സാമ്പത്തിക പ്രശ്നങ്ങളാണുള്ളത്. കാലതാമസം ഒഴിവാക്കി ഇതു സംബന്ധിച്ചുള്ള ശുപാർശകൾ വളരെവേഗം നടപ്പിലാക്കാൻ ഈ ഗവൺമെൻറ് വേണ്ടത് ചെയ്യുന്നതാണ്. ഈ കാലതാമസം ഒഴിവാക്കാൻവേണ്ടിയുള്ള അടിയന്തിര നടപടികൾ എടുക്കാമെന്നാണ് എനിക്ക് ഇത്ര സംബന്ധിച്ച് പറയാനുള്ളത്. അതുപോലെ തന്നെ ഇവിടെ ഉന്നയിച്ച ഓരോ പ്രശ്നങ്ങളെ സംബന്ധിച്ചുള്ള ശുപാർശകളും നടപ്പിലാക്കുന്നതാണ്.

സർ, ബഹുമാനപ്പെട്ട മെമ്പർ ഇവിടെ പറഞ്ഞ പെൻഷൻ, കേന്ദ്രാവിഷ്കൃത പദ്ധതിയുടെ കാര്യങ്ങൾ എന്നിവയോട് യോജിക്കുകയും വളരെവേഗം അവ നടപ്പിലാക്കാനുള്ള നടപടികൾ എടുക്കുകയും ചെയ്യുമെന്ന് ഞാൻ ഇതിനു മറുപടിയായി പറയുന്നു.

(16) സംസ്കൃത സർവ്വകലാശാലയുടെ സബ്സെൻറർ കൊടുമണ്ണിൽ സ്ഥാപിക്കണമെന്ന ആവശ്യം

ശ്രീ. എ. പത്മകുമാർ: സർ, സംസ്കൃത സർവ്വകലാശാലയുടെ ഒരു സെൻറർ എൻറെ നിയോജകമണ്ഡലത്തിലെ കൊടുമണ്ണിൽ സ്ഥാപിക്കുന്നതിനുള്ള തീരുമാനം സർവ്വകലാശാല എടുത്തിട്ടുണ്ട്. അത് അടിയന്തിരമായി നടപ്പിലാക്കുന്നതിനുവേണ്ടിയുള്ള സഹായം ഗവൺമെൻറിൻറെ ഭാഗത്തുനിന്നുണ്ടാകണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു. സംസ്കൃതത്തിലെ ആദ്യത്തെ നാടകമായ ''ആശ്ചര്യ ചൂഡാമണി''യുടെ കർത്താവായിട്ടുള്ള ശക്തിഭദ്രൻറെ നാടാണ് കൊടുമൺ. അതുകൊണ്ടു തന്നെ കൊടുമണ്ണിൽ ഈ സെൻറർ സ്ഥാപിക്കണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. സെൻറർ ആരംഭിക്കുന്നതിനുള്ള 5 ഏക്കർ ഭൂമി അവിടത്തെ പഞ്ചായത്തിൻറെ നേതൃത്വത്തിൽ എടുക്കുന്നതിനുവേണ്ടി തീരുമാനിച്ചിട്ടുണ്ട്. അവിടത്തെ എല്ലാ രാഷ്ട്രീയ കക്ഷിയിലുംപെട്ട ജനങ്ങളുടെ യോഗം അവിടെ വിളിച്ചുകൂട്ടിയിരുന്നു. അതിനുവേണ്ടി വളരെ സന്തോഷത്തോടുകൂടിയുള്ള പ്രവർത്തനമാണ് ആ നാട്ടിൽ നടന്നുകൊണ്ടിരിക്കുന്നത്. ഗവൺമെൻറ് അത് തുടങ്ങുന്നതിനുവേണ്ടിയുള്ള അടിയന്തിര നടപടികൾ സ്വീകരിക്കണം.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ): സർ, ബഹുമാനപ്പെട്ട മെമ്പറുടെ ഈ സബ്മിഷൻ കിട്ടിയപ്പോൾ സംസ്കൃത യൂണിവേഴ്സിറ്റിയുടെ ആളുകളുമായിട്ട് സംസാരിക്കുകയുണ്ടായി. സത്യത്തിൽ അത് ഗവൺമെൻറ് നേരിട്ട് ചെയ്യേണ്ട കാര്യമല്ല. സംസ്കൃത

LIBRARY ARCHIVES Kerala Legislative Assembly